**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1497 — 11.02.2013 ൽ മറുപടിക്ക്

<u>നിട്ടൂർ-മലയാടപ്പൊയിൽ റോഡുവികസനത്തിന് പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം അനുവദിച്ച തുക</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. കെ. ലതിക | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) കോഴിക്കോട് തൂണേരി ബ്ലോക്കിൽപ്പെട്ട നിട്ടൂർ-മലയാടപ്പൊയിൽ റോഡിന് പി.എം.ജി.എസ്.വൈ പദ്ധതിപ്രകാരം എത്ര തുകയാണ് കേന്ദ്ര സർക്കാർ അനുവദിച്ചതെന്നും ഏത് വർഷത്തിലാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ; | എ) തൂണേരി ബ്ലോക്കിലെ നിട്ടൂർ മലയാടപ്പൊയിൽ റോഡിന് (ഫേസ് 4, പാക്കേജ് കെ.ആർ. 08-07) പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം 59.08 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. 2005 വർഷത്തിലാണ് തുക അനുവദിച്ചിട്ടുള്ളത് |
| ബി) പൊതുമരാമത്ത് വകുപ്പ് നിരക്കിൽ ഉണ്ടായ വർദ്ധനമൂലം പ്രസ്തുത പ്രവൃത്തി ഇപ്പോൾ പൂർത്തിയാക്കണമെങ്കിൽ എത്ര ശതമാനം തുക അധികം ആവശ്യമായി വരുമെന്നും പ്രസ്തുത തുക എത്രയെന്നും വ്യക്തമാക്കുമോ; | ബി) 2004-ലെ പൊതുമരാമത്ത് നിരക്കനുസരിച്ചാണ് പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഈ നിരക്കനുസരിച്ച് രൂപ.14,36,100/- യുടെ പ്രവൃത്തി ബാക്കിയുണ്ട്. കൂടാതെ നേരത്തേ ചെയ്ത പ്രവൃത്തി നശിച്ചുപോയത് മാറ്റിച്ചെയ്യാൻ 3,17,040/ രൂപ വേണ്ടി വരും. പുതിയ നിരക്കിൽ ചെയ്യുമ്പോൾ ഏതാണ്ട് 200% തുക അധികം ആവശ്യമായി വരുന്നുണ്ട്. അതായത് ഏതാണ്ട് 35 ലക്ഷം രൂപ അധികമായി വേണ്ടിവരും. |
| സി) റോഡ് പണി പൂർത്തിയാക്കാതെ കരാറിൽനിന്നും പിൻമാറിയ കരാറുകാരന് എന്തെങ്കിലും തുക അനുവദിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കുമോ; | സി) ഉണ്ട്.<br>ആറാം പാർട്ട് ബിൽ പ്രകാരം ആകെ പ്രവൃത്തിയായ രൂപ.36,06,914/- കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും നിയമപ്രകാരമുള്ള നികുതി |

| | | | |
|---|---|---|---|
| | | | രൂപ.1,80,345/- സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക രൂപ.2,51,031/- എന്നീ തുകകൾ കഴിച്ച് ബാക്കി രൂപ.31,75,538/- കരാറുകാരന് നൽകിയിട്ടുണ്ട്. |
| ഡി) | പ്രസ്തുത കരാറുകാരന് നൽകിയത് ടെണ്ടർ തുകയുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ? | ഡി) | എഗ്രിമെന്റ് തുകരൂപ.59,12,326/- ആണ്. ഇതിന്റെ 61%തുകയാണ് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ